10-09-2022

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/09/2022.

1. കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആനയറ കാർഷിക നഗര വ്യാപാര മൊത്ത വിപണിയുടെയും വിപണിയിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെയും സംയുക്ത സംരംഭമായി **വേൾഡ് മാർക്കറ്റ് എക്സ്പോ 2022** നാളെ വരെ (സെപ്റ്റംബർ 11 വരെ) ആനയറ കാർഷിക നഗര വ്യാപാര മൊത്ത വിപണിയിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് പുത്തൻ കാർഷിക യന്ത്രങ്ങളുടെ പ്രദർശനം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, ആധുനിക കൃഷി സമ്പ്രദായങ്ങളുടെ നേർക്കാഴ്ചകൾ, ഫാം ടൂറിസം, ഓണവിപണികൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

2. ലോക റാബീസ് ദിനാചരണവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 28-ന് മണ്ണുത്തി വെറ്ററിനറി കോളേജ് രോഗപ്രതിരോധ വിഭാഗം, മണ്ണുത്തി വെറ്റിനറി കോളേജ് ഹോസ്പിറ്റലിലും കൊക്കാല വെറ്റിനറി ഹോസ്പിറ്റലിലും രാവിലെ 9 മുതൽ ഉച്ചക്ക് പന്ത്രണ്ടു മണി വരെ ഓമനമൃഗങ്ങൾക്ക് (നായ, പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുകയാണ്. കോവിഡ് പ്രതിരോധചട്ടങ്ങൾ മാനിച്ചുകൊണ്ട് മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളു. താൽപര്യമുള്ളവർ സെപ്റ്റംബർ 20 തീയതിക്ക് മുമ്പായി രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെ, **0487 2972065** എന്ന നമ്പറിലേക്ക് വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. 2020, 2021 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സർവ്വീസ് പ്ലസ് എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി ഒക്ടോബർ 31-നകം അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കുമുള്ള നോമിനേഷൻ എന്നിവ അപ്ലോഡ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി കൃഷിധനസഹായമായി 20,000 രൂപയും നടീൽവസ്തുവായി കപ്പുതൈയോ കൂടത്തൈയോ ഉപയോഗിച്ചവർക്ക് 5000 രൂപയും ചേർത്ത് ആകെ 25,000 രൂപയാണ് ധനസഹായം. തോട്ടം പരിശോധിച്ചതിനുശേഷം അർഹമായ ധനസഹായം കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന **0481 2576622** എന്ന കോൾസെന്റർ നമ്പർ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.

**പരിശീലന പരിപാടികൾ**

4. കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തിയിൽ ഈ മാസം 28-നും (സെപ്റ്റംബർ 28) ഒക്ടോബർ 19, 20 -നും ചീര, മുരിങ്ങ, ബാസെല്ല ചീര, ചെക്കുർമാണിസ്, സാമ്പാർ ചീര, മല്ലി, തഴുതാമ, ഉലുവയില തുടങ്ങിയ ഇലക്കറി വിളകളുടെ കൃഷി മുറകളെ കുറിച്ച് സൗജന്യ ഓൺലൈൻ പരിശീലനം നടത്തുന്നു. https://forms.gle/bR3i4RaFfNX3xTp37 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 20 ആണ്.

5. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 14, 15 തീയതികളിൽ **കറവ പശു പരിപാലനം** എന്ന വിഷയത്തിൽ പത്തുമണി മുതൽ പരിശീലന പരിപാടി നടത്തുന്നു. താൽപര്യമുള്ളവർ 0484 2631355 എന്ന ഫോൺ നമ്പറിൽ വിളിച്ചു **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീല വിഷയവും വാട്ട്സാപ്പ് സന്ദേശം അയച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. **കൊല്ലം ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

വരും ദിവസങ്ങളിൽ ജില്ലയിൽ മഴ സാഹചര്യം നിലനിൽക്കുന്നതിനാൽ കീടനാശിനികളോ വളപ്രയോഗങ്ങളോ കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം അനുവർത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. മഴക്കാലത്ത് മരുന്ന് തളിക്കേണ്ടി വരുന്ന സാഹചര്യത്തിൽ മരുന്നിനൊപ്പം ഏതെങ്കിലും തരത്തിലുള്ള പശ (റോസിൻ, സാൻഡോ വിറ്റ് തുടങ്ങിയവ) ചേർക്കാവുന്നതാണ്. വെള്ളക്കെട്ട്

ഒഴിവാക്കുന്നതിനു ചാലുകൾ കീറി നീർവാർച്ച സൗകര്യം ഉറപ്പാക്കുകയും താങ്ങു നൽകേണ്ട വിളകൾക്ക് താങ്ങു നൽകി സംരക്ഷിക്കുകയും വിളവെടുക്കാൻ പാകമായവ വിളവെടുപ്പ് നടത്തുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം